# തീര പരിപാലനം, തീര അനുഭവക്രമ അവകാശങ്ങൾ

ഏ.ജെ. വിജയൻ

# നമ്മുടെ തീരത്തിന്റെ അവസ്ഥ






- തീര പരിസ്ഥിതി നശിച്ചുകൊണ്ടിരിക്കുന്നു
- തീരം ഇല്ലാതാകുന്നു
- തീരദേശ വാസസ്ഥലങ്ങൾ ഭീഷണിയിൽ
- തീരക്കടലിലും സമീപ ജലാശയങ്ങളിലും (കായൽ, പുഴകൾ) മാലിന്യങ്ങൾ കാരണം മത്സ്യസമ്പത്ത് അപകടാവസ്ഥയിൽ
- ഇത് സംഭവിക്കാതിരിക്കട്ടെ!


അപകട
മേഖല




Indiatourism.ws



# തീരത്തിന്റെ ഈ അവസ്ഥ തീരസംരക്ഷണം അനിവാര്യമാക്കുന്നു

- തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും നിലനിൽപ്പിന് തീരസംരക്ഷണം കൂടിയേ കഴിയൂ
- ഇതിന് വേണ്ടി നിയമങ്ങളും അവ നടപ്പാക്കലും അനിവാര്യം
- നിലവിലുള്ള നിയമങ്ങൾ എന്താണ്? അവ എങ്ങനെ പാലിക്കപ്പെടുന്നു?
- തീര നിയന്ത്രണ മേഖലാ വിജ്ഞാപനം (Coastal Regulation Zone Notification - CRZ)
- പരിസ്ഥിതി (സംരക്ഷണം) നിയമം, 1986 (Environment [Protection] Act, 1986) പ്രകാരമുള്ള ഒരു വിജ്ഞാപനം

# തീര നിയന്ത്രണ വിജ്ഞാപനം (CRZ)

- 1991-ൽ ഇൻഡ്യാ ഗവണ്മെന്റ് ആദ്യമായി തീര നിയന്ത്രണ വിജ്ഞാപനം ഇറക്കി
- തീരദേശ പരിസ്ഥിതി സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്ന ഒറ്റ ലക്ഷ്യം
- തീരദേശത്ത് 500 മീറ്റർ ദൂരത്തിലും കടൽ വെള്ളം  ഉള്ളിൽ കയറുന്ന കര മേഖലകളിലും നിർമ്മാണ-വികസന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം
- തീരദേശങ്ങളുടെ സ്വഭാവമനുസരിച്ച് വ്യത്യസ്ത മേഖലകളായി തിരിച്ചു. ഓരോ മേഖലയ്ക്കും വിവിധ തരം നിയന്ത്രണങ്ങൾ
- ഈ വിജ്ഞാപന പ്രകാരം പ്രത്യേക അനുമതി നേടി മാത്രമേ നിയന്ത്രണ മേഖലകളിൽ പുതിയ നിർമ്മാണങ്ങൾ നടത്താൻ കഴിയൂ

# 2011-ലെ CRZ വിജ്ഞാപനം

- 2011-ൽ പുതുക്കിയ തീര നിയന്ത്രണ വിജ്ഞാപനം വന്നു. ഡോ. എം.എസ്. സ്വാമിനാഥൻ കമ്മിറ്റി ശുപാർശകളുടെ അടിസ്ഥാനത്തിൽ
- പുതിയ ലക്ഷ്യങ്ങൾ


❑ തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും മറ്റു പ്രാദേശിക സമൂഹങ്ങൾക്കും സുരക്ഷിതമായ ഉപജീവനമാർഗ്ഗം ഉറപ്പാക്കുക

❑ തീരദേശം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക

❑ ശാസ്ത്രീയമായ തത്വങ്ങളനുസരിച്ച് സുസ്ഥിരമായ വികസനം; ആഗോളതാപനവും സമുദ്രനിരപ്പ് ഉയരുന്നതും കണക്കിലെടുക്കണം

- തീര പരിധിയിൽ തീരക്കടൽ (12 മൈൽ വരെ) ഉൾപ്പെടുത്തി

## 2011-ലെ വിജ്ഞാപനം തീരം മാത്രമല്ല തീരക്കടലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കാനും ലക്ഷ്യമിടുന്നു



# തീരത്ത് നിയന്ത്രണങ്ങൾ എന്തിന്?

**എന്തിനാണ് 500 മീറ്റർ പരിധി(വീതി)യിൽ നിർമ്മാണ പ്രവൃത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത്?**

- ആഗോള താപനം സമുദ്രജലനിരപ്പ് ഉയർത്താൻ ഇടയാക്കുന്നു
- കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുന്നു, പലപ്പോഴും അപ്രതീക്ഷിതം
- ഈ വ്യതിയാനങ്ങൾ കാരണം ഏറ്റവുമധികം ഭീഷണി നേരിടുന്നത് തീരദേശങ്ങളാണ്.
- ചെറുദ്വീപുകൾ ഇല്ലാതാകുന്നു, തീരപ്രദേശങ്ങളും. ഇക്കാരണത്താൽ തീരദേശത്ത് വസിക്കുന്നവർ കൂടുതൽ അപകടഭീഷണിയിൽ
- ഇത് നേരിടാൻ തീരദേശത്ത് 500 മീറ്റർ വരെ ജനവാസം ക്രമേണ കുറയ്ക്കണം, അവിടം ഒഴിച്ചിടണം
- ഇത് ഭാവിയെ കണ്ടുകൊണ്ടുള്ള ഒരു സുരക്ഷാ നടപടി

# 2019-ലെ CRZ വിജ്ഞാപനം

- വിവിധ സംസ്ഥാനങ്ങളുടെയും മറ്റ് താൽപ്പര്യകക്ഷികളുടെയും ഭാഗത്തു നിന്നുള്ള പരാതികളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാറ്റം
- തീര ആവാസ വ്യവസ്ഥകളുടെ പരിപാലനം, തീര മേഖലകളുടെ വികസനം, ഇക്കോ-ടൂറിസം, അതിജീവന പ്രശ്നങ്ങൾ, തീരദേശ സമൂഹങ്ങളുടെ സ്ഥായിയായ വികസനം



**MINISTRY OF ENVIRONMENT, FOREST AND CLIMATE CHANGE**

**NOTIFICATION**

New Delhi, the 18th January, 2019

**G.S.R. 37(E).**—Whereas by notification of the Government of India in the erstwhile Ministry of Environment and Forests number S.O.19 (E), dated the 6th January, 2011 (hereinafter referred to as the Coastal Regulation Zone Notification, 2011), the Central Government declared certain coastal stretches as Coastal Regulation Zone (hereinafter referred to as the CRZ) under section 3 of Environment (Protection) Act, 1986 (29 0f 1986);

And Whereas, the Ministry of Environment, Forest and Climate Change has received representations from various coastal States and Union territories, besides other stakeholders, regarding certain provisions in the Coastal Regulation Zone Notification, 2011 related to management and conservation of marine and coastal ecosystems, development in coastal areas, eco-tourism, livelihood options and sustainable development of coastal communities etc.;

And Whereas, various State Governments and Union territory administrations and stakeholders have requested the Ministry of Environment, Forest and Climate Change to address the concerns related to coastal environment and sustainable development with respect to the Coastal Regulation Zone Notification, 2011;

And Whereas, the Ministry of Environment, Forest and Climate Change had constituted a Committee under the Chairmanship of Dr. Shailesh Nayak to examine various issues and concerns of coastal States and Union territories and various stakeholders, relating to the Coastal Regulation Zone Notification 2011 and to recommend appropriate changes in the said Notification;

And Whereas, the report submitted by Dr. Shailesh Nayak Committee has been examined in the Ministry and consultations have been held with various stakeholders in this regard;

And Whereas, a draft Coastal Regulation Zone Notification, 2018 was issued and hosted in the website of the Ministry of Environment, Forest and Climate Change on the 18th April, 2018 seeking comments and suggestions from all concerned;

And Whereas, objections and suggestions received in response to the above mentioned draft Coastal Regulation Zone Notification, 2018 have been duly considered by the Central Government;

Now, therefore in exercise of the powers conferred by sub-section (1) and clause (v) of sub-section (2) of section 3 of the Environment (Protection) Act, 1986 (29 of 1986) and in supersession of the Coastal Regulation Zone Notification 2011, number S.O. 19(E), dated the 6th January, 2011, except as respects things done or omitted to be done before such supersession, the Central Government, with a view to conserve and protect the unique environment of coastal stretches and marine areas, besides livelihood security to the fisher communities and other local communities in the coastal areas and to promote sustainable development based on scientific principles taking into account the dangers of natural hazards, sea level rise due to global warming, do hereby, declares the coastal stretches of the country and the water area up to its territorial water limit, excluding the islands of Andaman and Nicobar and Lakshadweep and the marine areas surrounding these islands, as Coastal Regulation Zone as under:-

**4. Prohibited activities within CRZ.-** The following activities shall be prohibited, in general, within the entire CRZ and exceptions to these and other permissible and regulated activities in specific CRZ categories viz. CRZ-I, II, III and IV, shall be governed by the provisions of paragraph 5:-

(i) Setting up of new industries and expansion of existing industries, operations or processes.

(ii) Manufacture or handling of oil, storage or disposal of hazardous substances as specified in the notification of the Ministry of Environment, Forest and Climate Change number G.S.R.395 (E), dated the 4th April, 2016.

(iii) Setting up of new fish processing units.

(iv) Land reclamation, bunding or disturbing the natural course of seawater except for the activities permissible under this notification and executed with prior permission from the competent authority.

(v) Discharge of untreated waste and effluents from industries, cities or towns and other human settlements.

(vi) Dumping of city or town wastes including construction debris, industrial solid wastes, fly ash for the purpose of land filling.

(vii) Port and harbour projects in high eroding stretches of the coast.

(viii) Mining of sand, rocks and other sub-strata materials.

(ix) Dressing or altering of active sand dunes.

(x) In order to safeguard the aquatic system and marine life, disposal of plastic into the coastal waters shall be prohibited and adequate measures for management and disposal of plastic materials shall be undertaken in the CRZ.

(xi) Drawal of ground water.

# CRZ-ൽ നിരോധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ

- പുതിയ വ്യവസായങ്ങൾ
- കടൽ നികത്തി ഭൂമി
- തീരശോഷണമുള്ള തീരങ്ങളിൽ പോർട്ടുകൾ
- മണൽ ഖനനം
- ഭൂഗർഭ ജലം എടുക്കൽ

തീര മേഖലാ പരിപാലന പദ്ധതി സംസ്ഥാന സർക്കാർ അറിയപ്പെടുന്ന ശാസ്ത്ര സ്ഥാപനങ്ങളെ ഏർപ്പെടുത്തിയും ബന്ധപ്പെട്ട താൽപ്പര്യ കക്ഷികളുമായി കൂടിയാലോചിച്ചും തയ്യാറാക്കണം

കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പരിഗണിച്ച് അംഗീകാരം നൽകണം

**6. Coastal Zone Management Plan (CZMP)**

(i) All coastal States and Union territory administrations shall revise or update their respective coastal zone management plan (CZMP) framed under CRZ Notification, 2011 number S.O. 19(E), dated 6th January, 2011, as per provisions of this notification and submit to the Ministry of Environment, Forest and Climate Change for approval at the earliest and all the project activities attracting the provisions of this notification shall be required to be appraised as per the updated CZMP under this notification and until and unless the CZMPs is so revised or updated, provisions of this notification shall not apply and the CZMP as per provisions of CRZ Notification, 2011 shall continue to be followed for appraisal and CRZ clearance to such projects.

(ii) The CZMP may be prepared or updated by the coastal State Government or Union territory by engaging reputed and experienced scientific institution(s) or the agencies including the National Centre for Sustainable Coastal Management (hereinafter referred to as the NCSCM) of Ministry of Environment, Forest and Climate Change and in consultation with the concerned stakeholders.


(iii) The coastal States and Union territories shall prepare draft CZMP in 1:25,000 scale map identifying and classifying the CRZ areas within the respective territories in accordance with the guidelines given in **Annexure-IV** to this notification, which involve public consultation.

All developmental activities listed in this notification shall be regulated by the State Government, Union territory administration, the local authority or the concerned Coastal Zone Management Authority within the framework of such approved CZMP, as the case may be, in accordance with provisions of this notification.

(iv) The draft CZMP shall be submitted by the State Government or Union territory to the concerned Coastal Zone Management Authority for appraisal, including appropriate consultations, and recommendations in accordance with the procedure(s) laid down in the Environment (Protection) Act, 1986 (29 of 1986).

(v) The Ministry of Environment, Forest and Climate Change shall thereafter consider and approve the respective CZMP of concerned State Governments or Union territory administrations.

(vi) The CZMP shall not normally be revised before a period of five years after which, the concerned State Government or the Union territory may consider undertaking a revision.


Ayiramthai
Arthunkal Village
Kackary

മണൽത്തീരങ്ങൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ

കടൽ മണൽ ഖനനം നിരോധിച്ചിരിക്കുന്നു – ആണവ ധാതു മണലിന്റെ കായികമായ ഖനനം ഒഴികെ

അനുവദനീയമായ വികസന പ്രവർത്തങ്ങൾ ചെയ്യുമ്പോൾ സമീപ തീരത്ത് തീരം നഷ്ടപ്പെടുമെന്ന് പ്രവചിച്ചിട്ടുണ്ടെങ്കിൽ, മണൽ നഷ്ടം നികത്തണം – ദീർഘകാല പരിപാലനവും നടത്തണം




(f) the States or Union territory shall prepare management plans for the demarcated sand dunes.

(iii) **Sandy beaches:**

(a) Mining of beach sand is prohibited except for manual mining of atomic minerals with proper replenishment using the tailings or other suitable sand.

(b) When the permissible developmental activities are taken up on the beaches if loss of beach in the neighbourhood is predicted, necessary beach nourishment to compensate for the losses shall be undertaken by the project authorities and its long term maintenance shall be ensured by them.

(c) The States or Union Territory shall prepare management plans for the demarcated beaches.




## CRZ Lines & Boundary

- Hazard Line
- 100m Line in CRZ III Area
- 200m CRZ Line - NDZ
- CVCA Boundary
- CRZ Boundary
  (500m Line, 100m for Bay, 50m for Backwater Island, 100m or width of the creek whichever is less along the tidal influenced waterbodies)

## CRZ CATEGORY

### *CRZ - I*

- CRZ - IA
- 50m Mangrove Buffer Zone - CRZ IA
- CRZ - IB

### *CRZ - II*


- CRZ II

### *CRZ - III*

- No Development Zone
- 200m to 500m from HTL

### *CRZ - IV*


- CRZ IVA
- CRZ IVB


Valiyathura

CMFRI Special Publication No. 124

ISSN No. 0972-2351

ഭക്ഷ്യസുരക്ഷയുടെയും
ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ
**സുസ്ഥിരമായ
ചെറുകിടമത്സ്യമേഖല സുരക്ഷിതമാക്കുന്നതിനായി
സ്വമേധയാ നടപ്പിലാക്കേണ്ട
മാർഗ്ഗനിർദ്ദേശങ്ങൾ**



Published in arrangement with the
Food and Agriculture Organization of the United Nations (FAO)
by
Indian Council of Agricultural Research
**Central Marine Fisheries Research Institute (CMFRI)**





## ആമുഖം

ഈ മാർഗ്ഗനിർദ്ദേശങ്ങൾ 1995ൽ ലോക ഭക്ഷ്യ കാർഷിക സംഘടന (FAO)പുറത്തിറക്കിയ ഉത്തരവാദിത്വ മത്സ്യബന്ധനപെരുമാറ്റച്ചട്ടത്തിന് (ചട്ടം) അനുപൂരകമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാകുന്നു. ചട്ടത്തിന്റെ പൊതു തത്വങ്ങളുടെയും വിഷയങ്ങളുടേയും അടിസ്ഥാനത്തിൽ ചെറുകിട മത്സ്യ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഇതിലുള്ളത്. ആഗോള ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ ചെറുകിടമത്സ്യമേഖല വഹിക്കുന്ന പങ്കിന് കൂടുതൽ പ്രസക്തിയും അംഗീകാരവും പ്രദാനം ചെയ്യുക എന്നതാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ ലക്ഷ്യം. ദുർബ്ബല–പാർശ്വ വൽകൃത ജനതകൾ ഉൾപ്പെടെ ചെറുകിട മത്സ്യമേഖലയിൽ പണിയെടുക്കുന്ന മീൻപിടുത്തക്കാർ, മത്സ്യത്തൊഴിലാളികൾ, അനുബന്ധമേഖലകളിൽ പണിയെടുക്കുന്നവർ എന്നിവർക്ക് പ്രാധ്യാന്യം നൽകികൊണ്ട്, ഒരു മനുഷ്യാവകാശ സമീപനത്തിലൂടെ ഇന്നത്തെയും നാളെത്തെയും തലമുറകളുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിനും ഉത്തരവാദിത്വ മത്സ്യബന്ധനത്തിനും പിൻബലമേകുന്നവയാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ സ്വമേധയാ നടപ്പിലാക്കേണ്ടതും ആഗോളമാനങ്ങൾ ഉള്ളതും, വികസ്വര രാഷ്ട്രങ്ങളുടെ ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതും ആണെന്ന് അടിവരയിട്ട് പ്രസ്താവിക്കുന്നു.

## 5. ചെറുകിട മത്സ്യബന്ധന മേഖലയിലും, വിഭവ പരിപാലനത്തിലും ഉള്ള ടെന്യുർ അവകാശവുമായി ബന്ധപ്പെട്ട ഭരണനിർവ്വഹണം.

5.1 ഇന്നത്തെയും, വരും കാലത്തേയും തലമുറകളുടെ വികസനപരവും പാരിസ്ഥിതികവുമായ ആവശ്യങ്ങൾ നിറവേറ്റുവാൻ പ്രകൃതി വിഭവങ്ങളുടെയും, ജലജൈവവൈവിദ്ധ്യത്തിന്റെയും ഉത്തരവാദപരവും, സുസ്ഥിരവുമായ ഉപയോഗം ആവശ്യമാണെന്ന വസ്തുത ഈ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നു. ചെറുകിട മത്സ്യബന്ധന മേഖലയിലുള്ള സമുദായങ്ങൾക്ക് തങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ സുസ്ഥിതിയുടെയും, ജീവനത്തിന്റെയും, സുസ്ഥിര വികസനത്തിന്റെയും അടിസ്ഥാനഘടകമായ പ്രകൃതി വിഭവങ്ങളുടെ മേൽ അവർക്ക് ഭദ്രമായ ടെന്യുർ അവകാശം ഉണ്ടാകേണ്ടത് ആവശ്യമാണ്. മത്സ്യവിഭവങ്ങളുടേയും, ആവാസ വ്യവസ്ഥകളുടേയും, ഉത്തരവാദപരമായ മേൽനോട്ടം വഴി ലഭിക്കുന്ന ഫലങ്ങളുടെ തുല്യമായ വിതരണം, സ്ത്രീകളും, പുരുഷന്മാരും അടങ്ങിയ ചെറുകിട മീൻപിടുത്തക്കാർക്കും, തൊഴിലാളികൾക്കും, ഗുണപ്രദമായ രീതിയിൽ ഉണ്ടാകേണ്ടതിനെ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പിൻതാങ്ങുന്നു.

5.a. ടെന്യുർ അവകാശത്തിന്റെ ഉത്തരവാദിത്വ ഭരണ നിർവ്വഹണം.

5.2 ഭൂമി, മത്സ്യവിഭവങ്ങൾ, വനം, ഇവയുടെ ടെന്യുർ അവകാശത്തിന്റെ ഉത്തരവാദപരമായ ഭരണനിർവ്വഹണം എന്നത്, മനുഷ്യാവകാശങ്ങൾ, ഭക്ഷ്യ സുരക്ഷ, ദാരിദ്ര്യനിർമ്മാർജ്ജനം, സുസ്ഥിരജീവനം, സാമൂഹ്യസ്ഥിരത, പാർപ്പിട സുരക്ഷ, സാമ്പത്തിക വളർച്ച, ഗ്രാമീണ, സാമൂഹ്യവികസനം എന്നിവയുടെ സാക്ഷാത്കാരത്തിന്റെ കേന്ദ്രബിന്ദുവാണ് എന്ന വസ്തുത എല്ലാവരും അംഗീകരിക്കേണ്ടതുണ്ട്.

5.3 ഭരണകൂടങ്ങൾ അവയുടെ നീതിന്യായ വ്യവസ്ഥയ്ക്കനുസൃതമായി മത്സ്യവിഭവങ്ങളുടേയും, കടലിന്റെയും, ഉൾനാടൻ ജലാശയങ്ങളുടെയും, ചെറുകിട മത്സ്യബന്ധനം നടത്തപ്പെടുന്ന സമുദ്രപ്രദേശത്തിന്റെ അടുത്ത് കിടക്കുന്ന കരപ്രദേശത്തിന്റെയും മേൽ ചെറുകിട മത്സ്യമേഖലയിലെ മീൻ പിടുത്തക്കാർക്കും, മത്സ്യതൊഴിലാളികൾക്കും, അവരുടെ സമുദായങ്ങൾക്കും, ഭദ്രമായതും, തുല്യതയുള്ളതും, സാമൂഹ്യവും സാംസ്കാരികവുമായി അനുയോജ്യമായതും ആയ ടെന്യുർ അവകാശം, സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട്, ഉറപ്പുവരുത്തേണ്ടതാണ്.


# ടെന്യുർ അവകാശങ്ങൾ (Tenure Rights)

- കടലിലും ജലാശയങ്ങളിലും ചെറുകിട മത്സ്യ മേഖലക്കുള്ള അവകാശങ്ങൾ
- തീര പ്രദേശത്തും ജലാഭിമുഖ മേഖലയിലും നില കൊള്ളുന്ന ഭൂമിയിൽ ചെറുകിട മത്സ്യമേഖലയ്ക്കുള്ള അവകാശങ്ങൾ
- ഭൂമിയിൽ അഥവാ ഭൂമിയുടെ പ്രവേശന, ഉപഭോഗ, ഉടമസ്ഥ അവകാശങ്ങൾ ഒന്നിക്കുന്ന അവസ്ഥ സൂചിപ്പിക്കുന്നതാണ് ടെന്യുർ അവകാശങ്ങൾ
- അനുഭവക്രമങ്ങൾ എന്നും പറയാം

5.4 തങ്ങളുടെ നിയമ നിർവഹണ വ്യവസ്ഥയ്ക്കനുസൃതമായി ഭരണകൂടങ്ങളും മറ്റുള്ളവരും ചെറുകിട മത്സ്യബന്ധന സമുദായങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജല പ്രകൃതിവിഭവങ്ങളും, കരഭൂമിയും, ചെറുകിട മത്സ്യബന്ധന പ്രദേശവും അവരുടെ പരമ്പരാഗത അവകാശങ്ങൾ അനുയോജ്യമായ രീതിയിൽ കണക്കിലെടുത്തുകൊണ്ട്, എല്ലാ പ്രകാരത്തിലുമുള്ള ടെന്യൂർ അവകാശങ്ങളും, അംഗീകരിക്കുകയും, ബഹുമാനിക്കുകയും, സംരക്ഷിക്കുകയും വേണ്ടതാണ്. ആവശ്യമുള്ളപ്പോൾ വിവിധ പ്രകാരത്തിലുള്ള ന്യായമായ ടെന്യൂർ അവകാശങ്ങളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്തേണ്ടതാണ്. ന്യായമായ ടെന്യൂർ അവകാശികളെയും അവരുടെ അവകാശങ്ങളെയും, തിരിച്ചറിയുവാനും, രേഖപ്പെടുത്തുവാനും, ബഹുമാനിക്കുവാനും വേണ്ട ഉചിതമായ നടപടികൾ ഭരണകൂടങ്ങൾ കൈക്കൊള്ളേണ്ടതാണ്. നാട്ടുനടപ്പുകളും, രീതികളും ഒപ്പം ന്യൂനപക്ഷവർഗ്ഗങ്ങളോ, ആദിവാസികളോ, ഉൾപ്പെടെയുള്ള ചെറുകിട മീൻപിടുത്ത സമുദായങ്ങൾക്ക് മത്സ്യവിഭവങ്ങളിലേയ്ക്കോ കരയിലേയ്ക്കോ പ്രവേശിക്കുന്നതിനായി പരമ്പരാഗതമോ, അല്ലാതെയോ ലഭിച്ചിട്ടുള്ള മുൻഗണനകൾ, മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര നിയമത്തിന് അനുസൃതമായി വേണം അംഗീകരിക്കുവാനും, ബഹുമാനിക്കുവാനും, സംരക്ഷിക്കുവാനും. ആദിവാസികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്രസഭാ പ്രഖ്യാപനവും, ദേശീയ അഥവാ വർഗീയ, മത, ഭാഷാപരന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള പ്രഖ്യാപനവും ഉചിതമായ രീതിയിൽ കണക്കിലെടുക്കേണ്ടതാണ്. സ്ത്രീകളുടെ അവകാശങ്ങൾ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ഭരണഘടനാപരമോ, നിയമപരമോ ആയ പരിഷ്ക്കാരങ്ങൾ നടത്തുകയും അവ പരമ്പരാഗത സമ്പ്രദായങ്ങൾക്ക് എതിരാകുകയും ചെയ്യുന്ന ഘട്ടങ്ങൾ വന്നാൽ അത്തരം മാറ്റങ്ങളെ പരമ്പരാഗത ടെന്യൂർ അവകാശ സമ്പ്രദായങ്ങളിൽ പെടുത്തുവാൻ എല്ലാവരും സഹകരിക്കേണ്ടതാണ്.

5.5 പ്രാദേശിക, ജല തീരപ്രദേശ ആവാസ വ്യവസ്ഥകളുടെ പുനഃസ്ഥാപനം, സംരക്ഷണം, സഹപരിപാലനം എന്നിവയിൽ ചെറുകിട മത്സ്യബന്ധന സമുദായങ്ങൾക്കും, ആദിവാസികൾക്കും ഉള്ള പങ്കിനെ ഭരണകൂടങ്ങൾ അംഗീകരിക്കേണ്ടതാണ്.

5.6 മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജലവിഭവങ്ങളുടേയും, ഭൂമിയുടേയും മേൽ ഭരണകൂടങ്ങൾക്ക് ഉടമസ്ഥതയോ, നിയന്ത്രണമോ ഉണ്ടെങ്കിൽ ഇത്തരം വിഭവങ്ങളുടെമേലുള്ള അനുഭവ, ടെന്യൂർ അവകാശങ്ങൾ സാമൂഹ്യ സാമ്പത്തിക, പാരിസ്ഥിതിക ലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വേണം നിർണ്ണയിക്കേണ്ടത്. കൂട്ടായി വിനിയോഗിക്കുന്നതും പരിപാലനം ചെയ്യപ്പെടുന്നതുമായ പ്രത്യേകിച്ചും ചെറുകിടമത്സ്യബന്ധന സമുദായങ്ങൾ അനുഭവിക്കുന്ന പൊതുവിഭവങ്ങൾ വേണ്ട വിധത്തിൽ ഭരണകൂടങ്ങൾ അംഗീകരിക്കുകയും സംരക്ഷിക്കുകയും വേണം.



Mulamkadakam
Kollam Village
Thangassery Lighthouse
Thangassery
Kollam Port
Mundakkal Village

# പോർട്ടു കൊല്ലം പുതിയ തീരം

**2007**

**2022**



കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് – ഭൂമി കൈമാറ്റം – കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 314–ൽ റീസർവ്വേ 1,2 –ൽ പ്പെട്ട 13.7512 ഹെക്ടർ കടൽ പുറമ്പോക്ക് (സർക്കാർ പുറമ്പോക്ക്) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തുറമുഖ വകുപ്പിന് കൈമാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

റവന്യൂ (യു) വകുപ്പ്

**സ.ഉ.(കൈ) നം.447/2018/റവ.** തീയതി,തിരുവനന്തപുരം, 26/11/2018

പരാമർശം:– 1 തുറമുഖ വകുപ്പ് ഡയറക്ടറുടെ 09.05.2013 ലെ ഭൂമി കൈമാറ്റ അപേക്ഷ

2 കൊല്ലം ജില്ലാ കളക്ടറുടെ 26.08.2017 ലെ എൽ3/4401/3 നമ്പർ കത്ത്.

3 ലാന്റ് റവന്യൂ കമ്മീഷണറുടെ 30.08.2017 ലെ എൽ.ആർ.കെ2 44415/17–ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നം.314ൽ റീ സർവ്വേ 1, 2 ൽ പ്പെട്ട 13.7512 ഹെക്ടർ കടൽപുറമ്പോക്ക് സ്ഥലം കൊല്ലം തുറമുഖത്തിന്റെ വികസനത്തിനു വേണ്ടി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം കൈമാറി നല്കുന്നതിന് പോർട്ട് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതായി കൊല്ലം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം കടലിനോട് ചേർന്ന് കരയായി രൂപപ്പെട്ടതാണെന്നും ഇത് റീസർവ്വേ ചെയ്യാതെ കൊല്ലം വെസ്റ്റ് വില്ലേജിൽ റീസർവ്വേ ബ്ലോക്ക് നം. 314 നോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും കൊല്ലം പോർട്ടിന്റെ വികസന ആവശ്യത്തിനായി നിയമാനുസൃതം നടപടി സ്വീകരിച്ച് സർവ്വേ അതിരടയാള നിയമപ്രകാരം നടപടി പൂർത്തീകരിച്ച സെക്ഷൻ 13 (1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത കേന്ദ്ര സർക്കാർ കടൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരുന്നത് ജില്ലാ കളക്ടർ സർക്കാർ പുറമ്പോക്ക് എന്ന് തിരുത്തൽ വരുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പ്രസ്തുത ഭൂമിക്ക് ആർ ഒന്നിന് 7 ലക്ഷം രൂപ നിരക്കിൽ 13.7512 ഹെക്ടർ സ്ഥലത്തിന് 96,25,84000/– രൂപ (തൊണ്ണൂറ്റിയാറ് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എൺപത്തി നാലായിരം രൂപ മാത്രം) കമ്പോളവില നിശ്ചയിക്കാവുന്നതാണെന്നും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം നിലവിൽ കൈവശം വച്ചുപയോഗിച്ച് വരുന്ന കൊല്ലം പോർട്ടിന് ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത ഭൂമി കൈമാറി നല്കാവുന്നതാണെന്ന് കൊല്ലം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ പ്രസ്തുത ശുപാർശ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം 3 പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 314–ൽ റീസർവ്വേ 1,2 –ൽ 13.7512 ഹെക്ടർ കടൽ പുറമ്പോക്ക് (സർക്കാർ പുറമ്പോക്ക്) ഭൂമിയുടെ കൈവശാവകാശം കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തുറമുഖ വകുപ്പിന് കൈമാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

a) ഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് നൽകാനോ അന്യാധീനപ്പെടുത്താനോ,

ദുരുപയോഗം ചെയ്യാനോ, ബാങ്കുകളിലോ ധനകാര്യ സ്ഥാപനങ്ങളിലോ ഈടുവയ്ക്കുവാനോ



പാടുള്ളതല്ല.

b) ഏത് ആവശ്യത്തിനുവേണ്ടിയാണോ ഭൂമി അനുവദിച്ചത് ആ ആവശ്യത്തിന് വേണ്ടി

മാത്രമേ വിനിയോഗിക്കാവൂ.

c) പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇത് സംബന്ധിച്ച സർക്കാർ

ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്.

d) പ്രസ്തുത ഭൂമി കയ്യേറ്റത്തിൽ നിന്ന് തുറമുഖവകുപ്പ് തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്

e) മേൽ പ്രസ്താവിച്ച നിബന്ധനകളിൽ നിന്നും വ്യതിചലിക്കുന്ന പക്ഷം പ്രസ്തുത ഭൂമി

ഭാവിയിൽ സർക്കാരിൽ നിക്ഷിപ്തമാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യന്
അഡീഷണല് ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/(എ & ഇ), കേരള, തിരുവനന്തപുരം

ധനകാര്യവകുപ്പ് (26.01.2018–ലെ /വ്യയം എ3/602/2017/ധന പ്രകാരം)

മത്സ്യബന്ധനവും തുറമുഖവും വകുപ്പ്

പൊതുഭരണ (എസ്.സി)വകുപ്പ് (13.11.2018 ലെ ഇനം 2610 നം. പ്രകാരം)

പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.


ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്


150 M BUFFER ZONE FOR TERMINAL
TURNING CIRCLE-1
TURNING CIRCLE-2
KOLLAM BEACH
NOTE:
1. ALL DIMENSIONS ARE IN MILLIMETERS AND LEVELS ARE IN METERS
2. ONLY WRITTEN DIMENSIONS SHOULD BE FOLLOWED
REVISION
DRAWN Shemin
SCALE N.T.S
DATE 16.06.2014
KITCO Ltd.
CLIENT: DEPARTMENT OF PORTS GOVT. OF KERALA
PROJECT: MASTER PLAN FOR KOLLAM PORT
TITLE: MASTER PLAN LAYOUT AFTER PHASE - 1A DEVELOPMENT
1 OF 1


മുതലപ്പൊഴി 2022



Muthalapozhi Port
Google Earth
Image © 2022 Maxar Technologies
100 m
N


5.9 ചെറുകിട മത്സ്യമേഖലാ സമുദായങ്ങളെ അനധികൃതമായി കുടിയൊഴിപ്പിക്കുന്നതോ, അവരുടെ നിയമാനുസൃതമായ അവകാശങ്ങൾ ഇല്ലാതാക്കുന്നതോ, കൈകടത്തപ്പെടുന്നതോ, സംഭവിക്കുന്നില്ല എന്ന് ഭരണകൂടങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്. ചെറുകിട മത്സ്യബന്ധന പ്രദേശങ്ങൾക്കുള്ളിൽ മറ്റ് ഉപഭോക്താക്കളിൽ നിന്നുള്ള മത്സരം വർദ്ധിച്ചു വരുന്നു എന്നതും, ചെറുകിട മത്സ്യബന്ധന സമുദായങ്ങൾ പ്രത്യേകിച്ചും ദുർബല പാർശ്വവൽകൃതവിഭാഗങ്ങൾ ആണ് ഇത്തരം മത്സരങ്ങളിലെ അവശവിഭാഗമെന്നും ഭരണകൂടങ്ങൾ മനസ്സിലാക്കേണ്ടതാണ്. മറ്റ് മേഖലകൾവഴിയുള്ള വികസന പ്രവർത്തനങ്ങൾമൂലം അവരുടെ ഉപജീവനത്തിന് ഭീഷണി ഉണ്ടായാൽ വിശേഷാൽ ഈ സഹായങ്ങൾ ആവശ്യമാണ്.

5.10 ചെറുകിട മത്സ്യമേഖലാ സമുദായങ്ങളെ ബാധിക്കുന്ന തരത്തിലുള്ള വൻകിട വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് പ്രത്യാഘാത പഠനങ്ങൾ വഴി, സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ കണക്കിലെടുക്കേണ്ടതും, ദേശീയ നിയമങ്ങൾക്കനുസൃതമായി ഫലപ്രദവും, അർത്ഥപൂർണ്ണവുമായ ആശയ സമ്പർക്ക പരിപാടികൾ ഈ സമുദായങ്ങളുമായി നടത്തേണ്ടതുമാണ്.


Kottukal Village
Kazhivoor
Adimalathura

# വിഴിഞ്ഞവും അടിമലത്തുറയും

- അടിമലത്തുറ തീരത്തിന് മുമ്പിലൂടെ കടന്നു പോകുന്ന തുറമുഖ കപ്പൽ ചാൽ



**കേരള സർക്കാർ**

**സംഗ്രഹം**

21/5/18
HD

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി - പ്രോജക്റ്റിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന / ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് നഷ്ടപരിഹാരം - അനുവദിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ)നമ്പർ. 13/2018/മതുവ　　　　തിരുവനന്തപുരം, തീയതി: 31-05-2018

---

പരാമർശം :-

1 സ.ഉ.(കൈ)നം.7/2016/മതുവ തീയതി: 01 -03-2016
2 സ.ഉ.(കൈ)നം. 4/2017/മതുവ തീയതി: 14 -03-2017
3 സ.ഉ.(കൈ)നം. 21/2017/മതുവ തീയതി: 17 -10-2017
4 സ.ഉ. (സാധാ) നം. 4009/2018/ധന തിയതി 09-05-2018.
5 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03-02-2018, 20/03/2018 എന്നീ തീയതികളിലെ എ 18-54751/2016 നമ്പർ കത്തുകൾ.
6 വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടറുടെ 28-03-2018 ലെ VISL/2012-13/EE&E1-3(B)-VII/1603 നമ്പർ കത്ത്

VISL
No. 355
31/05/18
Issued To
MD & CEO
CFO | CS & CAO
H(EHS&CSR) | A (LM)
(Comm) | PM(E&C)
(A/Cs) | AO

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്തെ വിവിധ മേഖലകളിലുള്ള ചിപ്പി / ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവർ, കരമടി ഉടമകൾ / തൊഴിലാളികൾ, പെൻഷണർമാർ, കട്ടമരം ഉടമകൾ / തൊഴിലാളികൾ / പെൻഷണർമാർ എന്നീ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ LIAC അപ്പീൽ കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം അനുവദിച്ച നൽകുകയുണ്ടായി.


2. LIAC അപ്പീൽ കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകളിൽ അർഹരായ ചില ഗുണഭോക്താക്കൾ ഒഴിവാക്കപ്പെട്ടു എന്ന ആക്ഷേപം ഉയരുകയും ആയത് പരിശോധിക്കുന്നതിനായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു LIAC സബ്കമ്മിറ്റി / പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിക്കുകയും തുടർന്ന് ലഭിച്ച അപേക്ഷകൾ ടി കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കോട്ടപ്പുറം / വലിയ കടപ്പുറം മേഖലയിലെ 127 കരമടി തൊഴിലാളികൾ / പെൻഷണർമാർ നഷ്ടപരിഹാരത്തിന് അർഹരാണെന്ന് കണ്ടെത്തുകയും അവർക്കും മുൻപ് നിശ്ചയിച്ച നിരക്കിലുള്ള നഷ്ടപരിഹാരം നൽകേണ്ടതാണെന്ന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ LIAC അപ്പീൽ കമ്മിറ്റി ശുപാർശ ചെയ്യുകയുമുണ്ടായി.

3. അടിമലത്തുറ മത്സ്യഗ്രാമത്തിലുള്ള തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നത് തീരത്തു നിന്നും ഏകദേശം 1.2 – 1.5 കി.മീ. വരെ ദൂരപരിധിയിലാണ്. തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഇവർക്കുള്ള മത്സ്യലഭ്യതയിൽ കുറവുണ്ടെന്ന് ആക്ഷേപം ഉയർന്നതിനെ തുടർന്ന് ഇതു സംബന്ധിച്ച് LIAC അപ്പീൽ കമ്മിറ്റി നിയമിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി പഠനം നടത്തുകയുണ്ടായി. തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ അടിമലത്തുറ ഭാഗത്തെ മത്സ്യലഭ്യതയിൽ കുറവുണ്ടെന്ന് ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തി. അടിമലത്തുറ മേഖലയിലെ കരമടി മത്സ്യതൊഴിലാളികളുടെ 870 അപേക്ഷകൾ പരിശോധിച്ചതിൽ 604 പേർ പുനരധിവാസത്തിന് അർഹരാണെന്ന് LIAC അപ്പീൽ കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ പ്രദേശത്തെ കരമടി മത്സ്യത്തൊഴിലാളികളെ താൽക്കാലികമായി പുനരധിവസിപ്പിച്ചാലും പിന്നീട് ഈ പ്രദേശം കപ്പൽചാലായി പ്രഖ്യാപിക്കുന്നതോടെ ഇവിടെ മത്സ്യബന്ധനം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. അതുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികളെ സ്ഥിരമായി തൊഴിൽ നഷ്ടപ്പെടുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകാൻ തീരുമാനിക്കുകയും അതനുസരിച്ചുള്ള ശുപാർശ സമർപ്പിക്കുവാൻ നിർവ്വഹണ ഏജൻസിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയോട് (VISL) നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി പരാമർശം 6 പ്രകാരം ശുപാർശ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. LIAC അപ്പീൽ കമ്മിറ്റിയുടേയും വിഴിഞ്ഞം തുറമുഖ കമ്പനിയുടെയും ശുപാർശകൾ സർക്കാർ പരിശോധിക്കുകയും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പുനരധിവാസ പാക്കേജ് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

1. **കോട്ടപ്പുറം / വലിയ കടപ്പുറം മേഖല**

| തൊഴിലാളി വിഭാഗം | എണ്ണം | നഷ്ടപരിഹാര തുക (രൂപ) | ആകെ തുക (രൂപ) |
|---|---|---|---|
| കരമടി തൊഴിലാളി | 112 | 5, 60,000 | 5, 60,000 x 112 = **6, 27,20,000** |
| കരമടി പെൻഷണർ | 15 | 5, 09,600 | 5, 09,600 x 15 = **76, 44,000** |
| ആകെ | 127 | **7, 03, 64,000 രൂപ** | |




2. <u>അടിമലത്തുറ മേഖല</u>

| തൊഴിലാളി വിഭാഗം | എണ്ണം | നഷ്ടപരിഹാര തുക (രൂപ) | ആകെ തുക (രൂപ) |
|---|---|---|---|
| കരമടി തൊഴിലാളി | 529 | 5,·60,000 | 5, 60,000 x 529 = **29,62,40,000** |
| കരമടി പെൻഷണർ | 67 | 5, 09,600 | 5, 09,600 x 67 = **3,41,43,200** |
| മരണപ്പെട്ട കരമടി തൊഴിലാളികൾ | 7 | 5, 60,000 | 5, 60,000 x 7 = **39,20,000** |
| മരണപ്പെട്ട കരമടി പെൻഷണർ | 1 | 5, 09,600 | 5, 09,600 x 1 = **5, 09,600** |
| ആക | | **33,48,12,800 രൂപ** | |

1. അടിമലത്തുറ മേഖലയിലെ തൊഴിലാളികൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതോടെ ടി പ്രദേശം നോൺ ഫിഷിംഗ് സോൺ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ വിഴിഞ്ഞം തുറമുഖ കമ്പനി സ്വീകരിക്കേണ്ടതാണ്.
2. നഷ്ട പരിഹാര പാക്കേജിനുള്ള തുക "5051-01-001-99-Development of Vizhinjam Deepwater International Transhipment Terminal" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.
3. പുനരധിവാസത്തിന് നൽകുന്ന തുക Bank Account Transfer മുഖേനെയോ, ക്രോസ്സ് ചെയ്ത ചെക്ക് ആയോ നൽകേണ്ടതാണ്.
4. നഷ്ടപരിഹാര ലിസ്റ്റിൽപ്പെടുന്നവരുടെ ഉപകരണങ്ങൾ സബ് കമ്മിറ്റി അംഗങ്ങളുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും ലേലം ചെയ്ത് മുതൽ കൂട്ടേണ്ടതുമാണ്. കൂടാതെ ഏതെങ്കിലും, ഉപകരണങ്ങളെക്കുറിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലാത്ത പക്ഷം അവയും മഹസ്സർ തയ്യാറാക്കി ഭദ്രമായി സൂക്ഷിക്കേണ്ടതും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അവസാന തീരുമാനം എടുക്കേണ്ടതുമാണ്.

അടിമലത്തുറയിൽ ധാരാളം ഭൂമിയുണ്ട്

നിരവധി വീടുകൾ നിർമ്മിച്ച ശേഷവും ഏറെ ഭൂമി ബാക്കി

പക്ഷേ സർക്കാർ പറയുന്നത് 246 വീടുകൾ നിയമം ലംഘിച്ച് വീടുകൾ നിർമ്മിച്ചിരിക്കുന്നു

കോട്ടുകാൽ പഞ്ചായത്ത് സെക്രട്ടറി 2019 നവംബർ 23-ന് നൽകിയ റിപ്പോർട്ട്

എല്ലാവരും 3 സെന്റ് കയ്യടക്കിയിരിക്കുന്നു.

**DETAILS OF CRZ NOTIFICATION VIOLATION IN THE LOCAL BODIES OF THIRUVANANTHAPURAM DISTRICT**

**NAME OF LOCAL BODY :Kottukal Grama Panchayat**

| SL.NO | OWNER DETAILS | | | PLOT DETAILS | | | | | | | | BUILDING DETAILS | | | | | | | | | | ISSUES IF ANY IMPLEMENTING CRZ NOTIFICATION | REMARKS |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NAME AND ADDRESS OF OWNER | RATION CARD NO./AADHAR NO. | TRADITIONAL COASTAL COMMUNITY YES/NO | VILLAGE NAME | TALUK NAME | SURVEY NUMBER | LAT/LONG | AREA OF PLOT | DETAILS OF WATER BODY (SEA/RIVER/KAYAL SPECIFY) | CRZ CATEGORY (I/II/III) | DISTANCE FROM HTL | TYPE OF CONSTRUCTION | YEAR OF CONSTRUCTION | WHETHER BUILDING CONSTRUCTED UNDER APPROVED SCHEMES (IF YES SPECIFY THE | OCCUPANCY (specify) | NEW/RECONSTRUCTION/EXTENTION | AREA | NO.OF FLOORS | HEIGHT OF BUILDING | STAGE OF CONSTRUCTION | DETAILS OF ACTION TAKEN AGAINST CRZ VIOLATION | | |
| 1 | Siluvakurissu Sherly | 1106284156 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 2 | Biju Baby | 282515932031 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 3 | Rajappan Thadayoose Mary | 1106218191 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | 500sq | | | | Notice issued | | |
| 4 | Jeroni Rajimol | 1106274774 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | 300sq | | | | Notice issued | | |
| 5 | Raju Shyni | 1106251665 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 6 | Alexander Shyni | 1106274234 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 7 | Raju Vijilrani | 1106269978 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 8 | Shibu Jositta | 1106064089 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | 500sq | | | | Notice issued | | |
| 9 | Broono Salini | 1106038864 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 10 | Devasahayam Joli | 1106280259 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 11 | Siluvayyan Jaseentha | 1106231746 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 12 | Solaman Moli | 1106257859 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 13 | Jose Seena | 1106274778 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 14 | Shaiju Sherly | 1106279150 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 15 | Jooli Gomas Vincent | 1106279610 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 16 | Aruldas Sibil | 1106215144 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 17 | Freeda Freddy | 1106231886 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 18 | Antony Lusy | 1106279607 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 19 | Yoojin Mini | 1106246570 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 20 | Robin Clarus | 1106279196 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 21 | Josebh Mary | 1106212754 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 22 | Yesudasan Mettincy | 1106038440 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 23 | Jonson Jerusalemy | 1106222439 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 24 | Vineeth Noja Herin | 1106274238 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Concrete | | | Residence | New | | | | | Notice issued | | |
| 25 | Varghese Shyni | 1106258837 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 26 | Raju Josephy | 1106279626 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 27 | Yoojin Lissa | 1106236746 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 28 | Justin Mettincy | 1106227840 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 29 | Thadayoose Mary | 1106182350 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 30 | Yesudas Santhi | 1106278719 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 31 | Solaman Muthamma | 1106243923 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 32 | Muthappan Doli | 1106274816 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 33 | Jose Hellan | 1106235663 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 34 | Johny Juli | 1106259375 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 35 | Mathyas Viji | 1106274850 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 36 | Muthappan Prabha | 1106224117 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Concrete | | | Residence | New | | | | | Notice issued | | |
| 37 | Yesudas Mary sarojini | 1106279172 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |
| 38 | Thomas Viney | 1106214065 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 39 | Denson Sholatta | | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 40 | Selvarajan Mariapushpam | 1106253447 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Sheet | | | Residence | New | | | | | Notice issued | | |
| 41 | Christy Vincy | 1106259066 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | Residence -Roof Concrete | | | Residence | New | | | | | Notice issued | | |
| 42 | Anthony Shajini | 1106274007 | yes | Kottukal | NTA | Purambokku | | 3 cent | Sea | 1 | 150m | | | | Residence | New | | | | Basement | Notice issued | | |

# രാഷ്ട്രീയ കക്ഷികളുടെ നിലപാടുകൾ LDF

## കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക്

**● എൽഡിഎഫ് പ്രകടനപത്രികയിൽനിന്ന്**

**● കടലാക്രമണഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്, അവർക്ക് താൽപര്യമുണ്ടെങ്കിൽ, നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിത്തന്നെ അനുയോജ്യമായ സുരക്ഷിതമേഖലയിലേക്ക് മാറിത്താമസിക്കുന്നതിന് പത്ത് ലക്ഷം രൂപ വീതം ധനസഹായംനൽകും**

**● സമഗ്രമായ ജലപരിഷ്കരണ നിയമം ആവിഷ്കരിച്ച് നടപ്പാക്കും**

● കാർഷികമേഖലയിൽ ഭൂപരിഷ്കരണം കൊണ്ടുവന്ന് കൃഷിഭൂമി കൃഷിക്കാർക്ക് വിതരണം ചെയ്തതുപോലെ മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രമായ ജലപരിഷ്കരണ നിയമം ആവിഷ്കരിച്ച് നടപ്പാക്കും. പിടിച്ചുകൊണ്ടുവരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുന്നതിന് അക്വേറിയൻ റിഫോംസിൽ വ്യവസ്ഥ ചെയ്യും.

● കേരളത്തിന്റെ തീരക്കടൽ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980ലെ കെഎംഎഫ്ആർ ആക്ടിൽ പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നിയുള്ള കാലോചിതമായ ഭേദഗതികൾ വരുത്തും. വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്ന രീതി ഇല്ലാതാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തും.

● മത്സ്യമേഖലയുമായി ബന്ധപ്പെട്ടവരുടെ പങ്കാളിത്തത്തോടെ പങ്കാളിത്ത വിഭവ മാനേജ്മെന്റ് നയങ്ങളും കർമപരിപാടികളും ആവിഷ്കരിക്കും. പ്രാദേശിക ജില്ലാ സംസ്ഥാന തലങ്ങളിൽ മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപംനൽകും.




● മൺസൂൺകാല മത്സ്യബന്ധന നിരോധനം തുടർന്നും നടപ്പാക്കും.

● മുരാരി കമ്മിറ്റി ശുപാർശ നടപ്പാക്കാൻ സമ്മർദം ചെലുത്തും. മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കും.

● കടൽഭിത്തി നിർമാണം യുദ്ധകാലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തും. കടലാക്രമണഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്, അവർക്ക് താൽപ്പര്യമുണ്ടെങ്കിൽ, നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിതന്നെ അനുയോജ്യമായ സുരക്ഷിതമേഖലയിലേക്ക് മാറിത്താമസിക്കുന്നതിന് പത്ത് ലക്ഷം രൂപ വീതം ധനസഹായംനൽകും. കടലോരത്തുള്ള ഭൂമിയിൽ വച്ചുപിടിപ്പിക്കുന്ന കാറ്റാടിമരങ്ങളുടെയും മറ്റും വരുമാനവും മത്സ്യത്തൊഴിലാളിക്കായിരിക്കും. മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് സിആർഇസെഡിൽനിന്ന് ഇളവ് നൽകി താൽക്കാലിക നമ്പർ നൽകും.

● മത്സ്യമേഖലയിൽ വരുമാനവർധനയ്ക്ക് മത്സ്യം സംസ്കരിച്ച് മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും അടിസ്ഥാനസൗകര്യമൊരുക്കുകയും വൈദഗ്ധ്യ പോഷണത്തിലൂടെ മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരം സൃഷ്ടിക്കുകയുംചെയ്യും.

● മീൻപിടിത്ത ഹാർബറുകളുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾക്ക്കൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് രൂപം നൽകും. ഫിഷിങ് ഹാർബറുകളിൽ ശീതീകരിച്ച സ്റ്റോറേജ് സൗകര്യം ഒരുക്കും.

● തൊഴിലാളികൾക്ക് കടൽസുരക്ഷ ഉറപ്പാക്കുന്നതിന് മത്സ്യബന്ധന മേഖലയിൽ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തി സമഗ്ര കടൽസുരക്ഷാ പാക്കേജിന് രൂപംനൽകും.

● മത്സ്യക്ഷേമ സംഘങ്ങളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കും.

● മത്സ്യത്തൊഴിലാളികൾക്കുള്ള പട്ടയവിതരണം സമയബന്ധിതമായി പൂർത്തിയാക്കും.

● എപിഎൽ-ബിപിഎൽ പരിഗണന കൂടാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികൾ.

● കയറ്റുമതിക്കാരിൽനിന്ന് ക്ഷേമനിധിയിലേക്ക് വിഹിതം പിരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികപ്രതിസന്ധി പരിഹരിക്കും.

● സമ്പാദ്യ സമാശ്വാസപദ്ധതിയുടെ ആനുകൂല്യം 3600 രൂപയായി വർധിപ്പിക്കാൻ കഴിഞ്ഞ എൽഡിഎഫ് സർക്കാർ എടുത്ത തീരുമാനം നടപ്പാക്കും.

● എല്ലാവർക്കും വീട്, സാനിട്ടറി-കക്കൂസ് സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യകരമായ പരിസരം എന്നിവ ഉറപ്പുവരുത്തുന്നതിന് സമഗ്ര തീരദേശ പാർപ്പിട പദ്ധതി. മാതൃകാ മത്സ്യഗ്രാമം പദ്ധതി പുനരാവിഷ്കരിക്കും. മത്സ്യത്തൊഴിലാളികളുടെ പാർപ്പിട നിർമാണത്തിന് നിയമപരമായി നിലനിൽക്കുന്ന തടസ്സങ്ങൾ ഇല്ലാതാക്കാൻ ഇടപെടും.

● തീരദേശ സ്കൂളുകളിലെ സൗകര്യം വിപുലീകരിക്കും. ലൈബ്രറികൾ പഠനവീടുകളാക്കി മാറ്റുന്നതിന് പദ്ധതി. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠനച്ചെലവ് സർക്കാർ പൂർണമായും വഹിക്കും. പട്ടികവിഭാഗങ്ങൾക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി കുട്ടികൾക്കും ലഭ്യമാക്കും. മത്സ്യ ത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ബിപിഎൽ മാനദണ്ഡം അനുവദിക്കുന്നതിനുവേണ്ടി ഇടപെടും.

● മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽനിന്ന് മോചിപ്പിക്കുന്നതിന് എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന കടാശ്വാസനടപടി പൂർത്തിയാക്കും.

● തൊഴിൽ ഉപകരണങ്ങൾക്കും ഇൻഷുറൻസ്. ഇൻഷുറൻസ് ആനുകൂല്യം വർധിപ്പിക്കും.

● വിഴിഞ്ഞം തുറമുഖപദ്ധതി നടപ്പാക്കുന്നതിലൂടെ തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസവ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ പുനരധിവാസവും മതിയായ നഷ്ടപരിഹാരവും ഉറപ്പാക്കും. തുറമുഖനവീകരണവുമായി ബന്ധപ്പെട്ട് ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുന്ന പ്രദേശങ്ങളിൽ ഇതേ നടപടി സ്വീകരിക്കും.

● മത്സ്യവിപണന മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് മാർക്കറ്റുകളിൽ കുടിവെള്ളം, ശൗചാലയം, വിശ്രമസൗകര്യങ്ങൾ, ശീതസംഭരണ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തും. മത്സ്യവിപണന സംസ്കരണ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീത്തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കും. മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി.

● മത്സ്യകേരളം പദ്ധതി പുനരാവിഷ്കരിക്കും. ഉൾനാടൻ മത്സ്യലഭ്യത അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കും. കുളങ്ങളും ഡാമുകളും മാത്രമല്ല, വയലുകളിൽ സംയോജിത മത്സ്യക്കൃഷിയും പ്രോത്സാഹിപ്പിക്കും. കായലുകളിലും നദികളിലും മത്സ്യ വംശവർധന ലക്ഷ്യമിട്ട് വലിയതോതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കും ●

---

LDF പ്രകടനപത്രിക 2021

15) **കടൽ കടലിന്റെ മക്കൾക്ക്** – മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിൽ മത്സ്യബന്ധനത്തിനുള്ള പ്രവേശന അധികാരം, ആദ്യ വിൽപ്പനാവകാശം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പുവരുത്തും. മത്സ്യ വിപണന നിയമം പാസ്സാക്കിയതുപോലെ മറ്റ് അക്വേറിയം റിഫോംസിനു വേണ്ടിയുള്ള സമഗ്രനിയമം തയ്യാറാക്കും. കോൺഗ്രസാണ് ആഴക്കടൽ വിദേശ കപ്പലുകൾക്കു തുറന്നുകൊടുത്തത്. ബി.ജെ.പിയാണ് തീരക്കടൽകൂടി അവർക്കു തീറെഴുതാൻ ഒരുക്കുകൂട്ടുന്നത്. കേന്ദ്രം എന്തുതന്നെ തീരുമാനിച്ചാലും കോർപ്പറേറ്റ് ട്രോളറുകൾക്ക് കേരളത്തിലെ ഹാർബറുകളിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള അനുവാദം നിയമപരമായി നിഷേധിക്കും. (അനുബന്ധം ഇനം 266-270)

16) **തീരദേശ വികസന പാക്കേജ്** തീരദേശ വികസനത്തിന് 5000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. കടലാക്രമണമുള്ള മുഴുവൻ തീരങ്ങളും പുലിമുട്ടുകളോ മറ്റു തീരസംരക്ഷണ പ്രവൃത്തികളോ ഉറപ്പുവരുത്തും. പുനർഗേഹം പദ്ധതി നടപ്പാക്കും. മുഴുവൻ ഹാർബറുകളുടെയും നിർമ്മാണം പൂർത്തീകരിക്കും. 150 മാർക്കറ്റുകൾ നവീകരിക്കും. മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തും. ഇവയ്ക്കു പുറമേ വിദ്യാഭ്യാസ - ആരോഗ്യ നവീകരണവും മത്സ്യമൂല്യ വർദ്ധന വ്യവസായങ്ങളുമാണ് പാക്കേജിലുള്ളത്. മത്സ്യ ഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യും. (അനുബന്ധം ഇനം 271-296)

# രാഷ്ട്രീയ കക്ഷികളുടെ നിലപാടുകൾ UDF

UDF 2021 പ്രകടനപത്രിക

- ... ഇ എസ് ഐ പരിരക്ഷ ഉറപ്പുവരുത്തും.
- അംഗനവാടി ... സീനിയോറിറ്റി ... സ്ഥാനത്തിൽ ... നിർണയിക്കുന്നതു പരിഗണിക്കും.

## 5. മൽസ്യബന്ധനം

- കടലിന്റെ അവകാശം കടലിന്റെ മക്കൾക്ക് ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കും.മത്സ്യബന്ധനാവകാശവും ആദ്യവില്പനവകാശവും മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്തും.

UDF പ്രകടനപത്രിക



- പട്ടികജാതി പട്ടികവർക്ഷ വിഭാഗങ്ങൾക്കായി നൽകിവരുന്ന എസ്.സി.പി./ ടി.എസ്.പി മാതൃകയിൽ ഫിഷറീസ്, ആർട്ടിസാൻസ് സബ് പ്ലാൻ നടപ്പിലാക്കും.
- ... ഡീസൽ, പെട്രോൾ മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കും.
- പട്ടയം ലഭ്യമല്ലാത്ത എല്ലാ തീരദേശ നിവാസികൾക്കും പട്ടയം ലഭ്യമാക്കും.
- സർക്കാർ മുന്നറിയിപ്പ് പ്രകാരം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വേതന സഹായം ലഭ്യമാക്കും.
- മത്സ്യത്തൊഴിലാളികൾക്ക്യു ഡി എഫ് കാലഘട്ടിൽ ഉണ്ടായിരുന്നഭവനപദ്ധതി പുനഃസ്ഥാപിക്കും.
- ചെല്ലാനം, ആലപ്പാട്ട് , മൺറോതുരുത്ത് പാക്കേജുകൾ നടപ്പിലാക്കും.
- മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കും.
- ഉപ്പു കലർന്ന കടൽകാറ്റും, മറ്റു പ്രതികൂല സാഹചര്യങ്ങളിലും കേടു പാടുകൾ സംഭവിക്കുന്ന തീരദേശ മേഖലയിലെ വീടുകൾക്ക് യു.ഡി.എഫ് സർക്കാർ നൽകിയിരുന്ന റിപ്പയർ ... പുനഃസ്ഥാപിക്കും.
- വിഴിഞ്ഞം പദ്ധതി മൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടായ ആഘാതങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കും.
- ഹാർട്ട് അറ്റാക്ക് അടക്കമുള്ള രോഗങ്ങൾ കാരണം മരണമടയുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് ലഭ്യമാക്കും.
- കേരളത്തിലുടനീളം ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- കയറ്റുമതി അധിഷ്ഠിത ഉൾനാടൻ മത്സ്യ ഫാമുകൾക്കുള്ള പ്രത്യേക ഇക്കണോമിക് സോണുകൾ രൂപീകരിക്കും.
- ഉൾനാടൻ മത്സ്യ സംസ്കരണ യൂണിറ്റുകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകും
- ഉൾനാടൻ മത്സ്യകൃഷി യൂണിറ്റുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കും.
- ഉൾനാടൻ മത്സ്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഫുഡ് പാർക്കുകൾ രൂപീകരിക്കും.
- ഹൈടെക് ഫിഷ് നഴ്സറികൾക്കും, അലങ്കാര മത്സ്യകൃഷിക്കുമായി പ്രത്യേക സാമ്പത്തിക സോണുകൾ രൂപീകരിക്കും.
- തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനുള്ള കടൽഭിത്തിയും ബ്രേക്ക്വാട്ടർ അടക്കമുള്ള ശാസ്ത്രീയ നടപടികൾ സ്വീകരിക്കും.
- സാധ്യമായ ഇടങ്ങളിലെല്ലാം തീരദേശ സംരക്ഷണത്തിനായി കണ്ടൽ വനങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകും

# ഭാവി എങ്ങനെ

- തീര നിയന്ത്രണ വിജ്ഞാപനത്തിന്റെ സ്ഥാനത്ത് നിയമം വരേണ്ടതിന്റെ ആവശ്യകത
- എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് നിയമ നിർമ്മാണം വേണം
- കോസ്റ്റൽ റൈറ്റ്സ് ആക്ട് – തീര അവകാശ നിയമം – വനാവകാശ നിയമ മാതൃകയിൽ
- ഇപ്പോൾ അവകാശ വാദങ്ങൾ മാത്രമാണുള്ളത് – അത് നിയമം ആയില്ലെങ്കിൽ നമ്മൾ പുറന്തള്ളപ്പെടും
- തീരഭൂമിയുടെ അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിന് നൽകണമെന്ന ആവശ്യം രാഷ്ട്രീയ കക്ഷികൾ ഉയർത്തുന്നില്ല – കടലിന്റെ അവകാശം മാത്രമാണ് അവർ പറയുന്നത്